"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ കവിയൂർ ക്ഷേത്രം പൊതുകുളം നവീകരിക്കൽ പദ്ധതി - തദ്ദേശ സ്വയം ഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.636/2022/LSGD തീയതി, തിരുവനന്തപുരം, 15-03-2022

പരാമർശം:-

1. കവിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 07.01.2022-ലെ C3-217/21 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ൽ നടന്ന യോഗതീരുമാനം.

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്നതും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതുമായ ഏകദേശം 15 സെന്റ് വലിപ്പമുള്ള കവിയൂർ ക്ഷേത്രത്തിന്റെ പൊതുകുളത്തിന്റെ നവീകരണത്തിനായി 21.12.2021-ാം തീയതി നടന്ന 2(4)-ാം നമ്പർ തീരുമാന പ്രകാരം കവിയൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു.

ക്ഷേത്ര മതിൽക്കെട്ടുകൾക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും ജാതിമത ഭേദമന്യേ പൊതുവായി ഉപയോഗിച്ചുവരുന്നതുമായ പ്രസ്തുത കുളം ക്ഷേത്രത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്തതും പൊതുജനങ്ങൾക്ക് തടസ്സം കൂടാതെ ഉപയോഗിക്കാൻ സാധിക്കുന്നതുമായതിനാൽ നവീകരണം ആവശ്യമായ അവസ്ഥയിലാണെന്നും എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടത് അല്ലാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോഓർഡിനേഷൻ കമ്മിറ്റിയോട് പരാമർശം 1) പ്രകാരം കവിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡ് കീഴിലുള്ളതും ക്ഷേത്ര മതിൽകെട്ടിന് പുറത്ത് പൊതു റോഡിന്റെ സമീപത്ത് സ്ഥിതി ചെയ്യുന്നതുമായ കവിയൂർ ക്ഷേത്രത്തിന്റെ പൊതുകുളം പൊതുജനങ്ങൾ ഉപയോഗിക്കുന്നതും പ്രദേശത്തെ ജലസ്രോതസ്സ് സംരക്ഷിക്കുന്നതിന് സഹായകരവുമായതിനാൽ കുളത്തിന്റെ നവീകരണത്തിന് അനുമതി നൽകുന്നതോടൊപ്പം പൊതുജനങ്ങൾക്ക് ഈ കുളം ഉപയോഗിക്കാൻ അനുവദിക്കുമെന്ന് ക്ഷേത്ര ഭാരവാഹികൾ മേൽ തദ്ദേശ സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണെന്നും പ്രസ്തുത കരാർ വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ കവിയൂർ ക്ഷേത്രം പൊതുകുളം നവീകരിക്കലിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.636/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ് :

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കവിയൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയം, കവിയൂർ പി ഒ,

പത്തനംതിട്ട ജില്ല - 689 582.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Pradeesh M**
**Date: 16-03-2022 10:43:48**
സെക്ഷൻ ഓഫീസർ